3. രണ്ടാമത് പട്ടികവർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയാണ് സംഘടിപ്പിച്ചത്. ഈ യാത്രാപരിപാടിയുടെ ഭാഗമായി കൽക്കട്ട, കാഠ്മണ്ഡു എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളാണ് സന്ദർശിച്ചത്.

യുവജനക്ഷേമ കമ്മീഷന്റെ പ്രവർത്തനം

89 (4280) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ കമ്മീഷന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യുവജനങ്ങളുടെ ഊർജ്ജസ്വലതയെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ഉതകുംവിധം ഉപയുക്തമാക്കുന്നതിന് യുവജനക്ഷേമ ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) യുവജനങ്ങളുടെ ആവശ്യകതയും പോരായ്മകളും കണ്ടെത്തി സഹായങ്ങൾ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് ആക്ഷേപമുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ യുവജനങ്ങൾ നേരായ മാർഗ്ഗത്തിൽ നയിക്കപ്പെടുന്നതിന് സഹായകമായി ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനെപ്പറ്റിയുള്ള ആശങ്ക വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ&സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യുവജനങ്ങളെ ശാക്തീകരിക്കുന്നത് ലക്ഷ്യം വച്ച് സംസ്ഥാന യുവജന കമ്മീഷൻ അവരുടെ ആവശ്യങ്ങളും പോരായ്മകളും കണ്ടെത്തി സഹായങ്ങൾ നൽകുന്നതിൽ അതീവ ശ്രദ്ധ ചെലുത്തിവരുന്നു. മദ്യം, മയക്കുമരുന്ന് ഉപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവാക്കളെ നയിക്കുന്നതിന് ഉതകുന്ന പ്രചാര ബോധവൽക്കരണ പരിപാടികൾ യുവജനകമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സാമൂഹിക-സാംസ്കാരിക മേഖലകളിൽ യുവജനങ്ങളെ നേരായ മാർഗ്ഗത്തിൽ നയിക്കുന്നതിന് സഹായകരമായി നിരവധി പരിപാടികളാണ് യുവജന ക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, ബോധവൽക്കരണ സെമിനാറുകൾ, വ്യക്തിത്വ വികസന ക്യാമ്പുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, മറ്റ് പരിപാടികൾ എന്നിവ യുവജനങ്ങൾക്ക് നേതൃത്വപാടവം നൽകുന്നതിലേക്ക് ബോർഡ് നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച് ആശങ്കകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യുവജന മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ കമ്മീഷൻ നേരിട്ട് ഇടപെടുകയും അത് പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ പരിശീലനം

290 (4281) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly